പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3229

15.02.2013-ൽ മറുപടിയ്ക്ക്

## ചമ്രവട്ടം പാക്കേജിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ: കെ. ടി. ജലീൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |

(എ) ചമ്രവട്ടം പാക്കേജിൽ ഉൾപ്പെടുത്തി അനുബന്ധ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; അവ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(എ) താഴെ പറയുന്ന 5 പ്രവൃത്തികൾക്കായി 35.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | നരിപ്പറമ്പ് - പോത്തനൂർ -പെരുംപറമ്പ് എടപ്പാൾ അങ്ങാടി റോഡ് കി.മീ. 0/000 മുതൽ 6/950 വരെയും, ജംഗ്ഷനുകളുടെയും പുനരുദ്ധാരണം | 4.40 കോടി |
| 2 | തിരൂർ-കടലുണ്ടി റോഡിന്റെ പുനരുദ്ധാരണം കി.മീ 18/000 മുതൽ 27/000 വരെ | 8.00 കോടി |
| 3 | തിരൂർ - ചമ്രവട്ടം റോഡിന്റെ കി.മീ 3/200 മുതൽ 11/500 വരെ ബി.എം.&ബി.സി.യും വീതികൂട്ടലും | 6.40 കോടി |
| 4 | താനൂർ-പുത്തനത്താണി റോഡിന്റെ പുനരുദ്ധാരണം കി.മീ. 0/000 മതൽ 13/00 വരെ | 11.25 കോടി |
| 5 | ചമ്രവട്ടം - തിരൂർ കടലുണ്ടി റോഡിലെ വിവിധ ജംഗ്ഷനുകളുടെ പുനരുദ്ധാരണം | 5.30 കോടി |

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാനും, പൂർത്തിയാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഫെബ്രുവരി മാസം ആരംഭിച്ച് മെയ് 31ാം തീയതിയ്ക്കകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പാക്കേജിൽ പോത്തനൂർ-പൊൽപ്പാക്കര-പെരുമ്പറമ്പ്-എടപ്പാൾ റോഡിൽ മാണിക്ക്യപാലം മുതൽ പൊൽപ്പാക്കര തട്ടാൻപടി വരെയുള്ള ഭാഗവും കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഫണ്ടിന്റെ പരിമിതി കാരണം പ്രസ്തുത റോഡ് ചമ്രവട്ടം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| (ഡി) പ്രസ്തുത വഴി കടന്നു പോകുന്ന ഹെവി വാഹനങ്ങൾക്ക് മാണിക്ക്യപാലം തട്ടാൻപടി റോഡുവഴി നിഷ് പ്രയാസം പൊന്നാനി പാലക്കാട് റോഡിലേക്ക് എത്താമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ